പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*75. 10.06.2019 ൽ മറുപടിയ്ക്ക്

## മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, എം. വിൻസെന്റ്<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മദ്യത്തിന്റെ ആവശ്യകത ഇല്ലാതാക്കുന്നതിലൂടെ അതിന്റെ ഉപഭോഗം കുറയ്ക്കുവാൻ സാധിക്കുമെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ; | (എ) | ജനങ്ങളുടെ മദ്യാസക്തി നിലനിൽക്കുന്നിടത്തോളം കാലം മദ്യത്തിന്റെ ലഭ്യത പൂർണ്ണമായും ഒഴിവാക്കുന്നത് അനധികൃത/വ്യാജ മദ്യത്തിന്റെ വ്യാപനത്തിന് ഇടയാക്കും എന്നത് വസ്തുതയാണ്. ഈ വസ്തുത പരിഗണിച്ചും, സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലായെന്ന വിവിധ പഠന റിപ്പോർട്ടുകളുടെ/ശുപാർശകളുടെ അടിസ്ഥാനത്തിലും, മദ്യനിരോധനത്തേക്കാൾ, മദ്യ വർജ്ജനമാണ് ഫലപ്രദമായ പ്രതിരോധം എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടാണ് സർക്കാർ മദ്യനയം രൂപീകരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. |
| (ബി) | എങ്കിൽ മദ്യത്തിന്റെ ആവശ്യകത ഇല്ലാതാക്കുവാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"യുടെ ഭാഗമായി സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ കൗൺസലിംഗ് സെന്ററുകൾ ആരംഭിക്കുകയും. ടി സെന്ററുകളിൽ രണ്ട് വീതം കൗൺസലർമാരെ നിയമിച്ച്, നേരിട്ടും ടെലഫോണിലൂടെയും രാവിലെ എട്ടുമണി മുതൽ രാത്രി എട്ടുമണിവരെയും കൗൺസലിംഗ് നല്കുന്നതിനായി സൗകര്യം ഏർപ്പെടുത്തുകയും 14405 എന്ന ടോൾ ഫ്രീ നമ്പർ പ്രയോഗക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാർഥികളിൽ ലഹരിയ്ക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻ നിർത്തി സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.<br><br>2018-19 സാമ്പത്തിക വർഷത്തിൽ 1120 പരാതിപ്പെട്ടികൾ പുതുതായി നിർമ്മിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, എക്സൈസ് ഓഫീസുകളിലും സ്ഥാപിക്കുകയും ആയവ വഴി ലഭിക്കുന്ന പരാതികളിൽ കേന്ദ്രീകൃതമായി പരിശോധന നടത്തി, സത്വര |
| (സി) | മദ്യത്തിനെതിരെ ബോധവൽക്കരണം നടത്തുവാൻ ആരംഭിച്ച ലഹരിവർജ്ജന മിഷൻ വിമുക്തിയുടെ പ്രവർത്തനം വിശദമാക്കുമോ; 2018 -ൽ ഇക്കാര്യത്തിനായി എത്ര തുകയാണ് ചെലവഴിച്ചത്; | | |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br>ലഹരിക്കെതിരെ കായിക ലഹരി എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച്, സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ, എൻ.എസ്.എസ്., എസ്.പി.സി., എൻ.സി.സി., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റു സംഘടനകൾ എന്നിവരുമായി സഹകരിച്ച് വിവിധ കായിക മത്സരങ്ങൾ, മാരത്തോൺ എന്നിവ സംഘടിപ്പിച്ചു വരുന്നു. ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾ വഴി ലഹരി വിരുദ്ധ സന്ദേശങ്ങൾ പൊതുജനങ്ങൾക്കിടയിൽ എത്തിക്കുന്നുണ്ട്. കൂടാതെ, മറ്റുവകുപ്പുകൾ, ലൈബ്രറി കൗൺസിൽ, റെസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ എന്നിവരുമായി സഹകരിച്ചും വിമുക്തി മിഷന്റെ കീഴിൽ വിവിധ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br>വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് 14 ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആദിവാസി, തീരദേശ മേഖലകൾ ലഹരി വിമുക്തമാക്കുന്നതിനു വേണ്ടി വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്.<br>വിമുക്തി മിഷന്റെ പ്രചരണാർത്ഥം നവ മാധ്യമങ്ങളായ ഫേസ് ബുക്ക്, വാട്ട്സ് ആപ്പ് എന്നിവയിൽ പേജ് ആരംഭിക്കുകയും കൈപ്പുസ്തകങ്ങളും, ലഘുലേഖകളും തയ്യാറാക്കി പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നുണ്ട്.<br>2018-19 സാമ്പത്തിക വർഷത്തിൽ 11,63,23,493/- രൂപ വിമുക്തി ബോധവത്കരണ പരിപാടികൾ ക്കായി ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത മിഷന്റെ പ്രവർത്തനം ഫലപ്രദമാണോ; വിശദാംശം നൽകുമോ; | (ഡി) | ഫലപ്രദമാണ്. നവംബർ 2018 മുതൽ മെയ് 2019 വരെ ടി സെൻററുകളിൽ 5950 പേർക്ക് ഔട്ട് പേഷ്യൻറ് സേവനവും 804 പേർക്ക് കിടത്തി ചികിത്സയും നല്കിയിട്ടുണ്ട്.<br>വിമുക്തി മിഷന്റെ ഭാഗമായി നടത്തുന്ന വിവിധ ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർത്ഥി-യുവജനങ്ങൾക്കിടയിൽ, മദ്യ-മയക്കമരുന്ന് - പുകയില ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളെപ്പറ്റി ബോധവാൻമാരാക്കുന്നതിനും, ലഹരി വിരുദ്ധ ആശയങ്ങൾ വിദ്യാർത്ഥികൾക്കിടയിൽ ശക്തമായി പ്രചരിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |
| (ഇ) | ലഹരിക്ക് അടിമയായവരെ അതിൽ നിന്നും മോചിപ്പിക്കുവാൻ എല്ലാ | (ഇ) | പതിനാല് ജില്ലകളിലും ഓരോ സർക്കാർ ആശുപത്രികളിലായി 14 വിമുക്തി ഡീ അഡിക്ഷൻ സെൻററുകൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; അവയുടെ പ്രവർത്തനം മൂലം ഉണ്ടായ മാറ്റം എന്താണ് എന്നറിയിക്കാമോ; | | |
| (എഫ്) | ഈ സർക്കാരിന്റെ മദ്യനയം മദ്യവർജ്ജനത്തിന് സഹായകമായ ഒന്നാണെന്ന് വിലയിരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ? | (എഫ്) | ഉണ്ട്. എല്ലാവിധ ലഹരിവസ്തുക്കളുടെയും ഉപഭോഗം കുറച്ചു കൊണ്ട് ലഹരിമുക്ത കേരളം ലക്ഷ്യം വെച്ച് സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുള്ള ലഹരിവർജ്ജന മിഷൻ വിമുക്തി നടപ്പിലാക്കി വരുന്ന വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങൾ എല്ലാം തന്നെ സർക്കാരിന്റെ മദ്യവർജ്ജനം എന്ന നയത്തിന് സഹായകരമാണ്. |

സെക്ഷൻ ഓഫീസർ